ശ്രീ. സി. കേശവൻ: അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. പാവർട്ടി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നപക്ഷം അവക്ക് സൗജന്യം കിട്ടുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: അവക്ക് സൗജന്യമായി എത്ര സംഖ്യവരെ കൊടുക്കാമെന്നാണ് ഗവണ്മെണ്ടു് വിചാരിക്കുന്നത്?

ശ്രീ. സി. കേശവൻ: അതു് അവരുടെ വിദ്യാഭ്യാസരീതിയേയും മറ്റും പരിഗണിച്ചാണ കൊടുക്കുന്നതു്. അവർ എത്ര കാലത്തേയ്ക്കു് അർഹരാണെന്നും മറ്റുമുള്ള സംഗതി ഇപ്പോൾ പറയുന്നതിനു നിവൃത്തിയില്ല.

VALIA ELA

*805 [12] **Sri. D. Gnanasigamoni:** Will the Hon'ble Minister for Agriculture be pleased to state.

(*a*) whether any portion of Valia Ela in Vilavancode taluk is given to any one for agricultural purpose; and

(*b*) if so, the extent?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) Yes.

(*b*) 300 acres.

Sri. D. Gnanasigamani: May I know the total extent, of that Valia Ela?

Sri. T. K. Narayana Pillai: The total extent, I do not know. The land allotted comes nearly to 300 acres.

Sri. D. Gnaansigamani: I want to know whether there are other lands adjacent to this, and are fit for cultivation.

Sri T. K. Narayana Pillai. I am not in a position to say now.

ശ്രീ. സാഹിബ്ബു് ബഹദൂർ വി. എ. അബ്ദുൽഖാദർ അസ്സീസ്സു്: ഈ സ്ഥലം ആക്കാണു കൊടുത്തിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് എക്സ് സർവ്വീസ് മെൻസ് കോളനൈസേഷൻ സൊസൈറ്റിക്കാണ്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: എത്ര തുകയാണ് ഗവണ്മെൻറിൽ നിന്നും അവക്കു കൊടുത്തിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള. ൪൦,൦൦൦ രൂപയാണ്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ആ തുക മുഴുവൻ വേസ്റ്റ് ചെയ്തതായി ഗവണ്മെണ്ടിനറിയാമൊ?

ശ്രീ. ടി. കെ. നാരായണപിള്ള: എന്തോ ചില കുഴപ്പങ്ങൾ അവിടെ ഉള്ളതായി അറിയാം.

വളം ഡിപ്പോ

*൨൦൩ (ഉമ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ?

(എ) തിരുവല്ലാ താലൂക്കിലേക്ക് അനുവദിച്ചിട്ടുള്ള വളം ഡിപ്പോ താലൂക്കിന്റെ മധ്യഭാഗത്തു സ്ഥാപിക്കാതെ താലൂക്കിന്റെ വടക്കുപടിഞ്ഞാറെ മൂലയായ 'മനുങ്കരച്ചിറ' സ്ഥാപിക്കുവാനുണ്ടായ കാരണമെന്തു്?

(ബി) വേനൽക്കാലത്തു ആ സ്ഥലത്തു വളം ഇറക്കുന്നതിനും അവിടെനിന്നു കയറ്റുന്നതിനും എത്ര സൌകര്യമാണുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദ്യം (first consignment) അവിടെ വളം കൊണ്ടുവന്നതെങ്ങനെ ?

വിദ്യാഭ്യാസവും, കൃഷിയും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) തിരുവല്ലായിൽ സ്ഥാപിക്കുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള ഡിപ്പോ പമ്പാനദിക്കു തെക്കും വടക്കും ഉള്ള പുഞ്ചകൃഷിക്കാർക്കും വളം വിതരണം ചെയ്യുന്ന നം ൦-ൽ പരം ഏജൻസിക്കാർക്കും കൂടാതെ അനേകം കൃഷിക്കാർക്കും വളം വിതരണം നടത്തുന്നതിനുള്ള ഒരു സെൻട്രൽ ഡിപ്പോ ആണ്; അല്ലാതെ താലൂക്ക ഡിപ്പോ അല്ല. പ്രസ്തുത ഡിപ്പോ തിരുവല്ല കൃഷി ഇൻസ്പെക്ടരുടെ നിയന്ത്രണത്തിലാണ് പ്രവർത്തനം നടത്തേണ്ടതു്. അുയതിനാൽ അദ്ദേഹത്തിന്റെ കൃത്യനിർവ്വഹണത്തിനു സൌകര്യപ്രദമായ സ്ഥലത്താണ് ഡിപ്പോ സ്ഥാപിച്ചിട്ടുള്ളതു്.

(ബി) പള്ളിപ്പാലത്തിനു് ഏറ്റവും അടുത്തുള്ള തോടിന്റെകരയ്ക്കാണ് ഡിപ്പോ സ്ഥാപിച്ചിരിക്കുന്നതു്. കരമാർഗ്ഗമായും ജലമാർഗ്ഗമായും ഗതാഗത സൌകര്യമുണ്ടു്.

(സി) ആദ്യമായി വളം കൊണ്ടുവന്നതു് ലോറിയിലാണു്.

ശ്രീ. മാന്നാർ ഗോപാലൻനായർ : ഈ ഡിപ്പോയും കൃഷി ഇൻസ്പെക്ടരുടെ ആഫീസുമായി എന്തു ദൂരമുണ്ടെന്നു പറയുമോ ?

ശ്രീ. ടി കെ. നാരായണപിള്ള : അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : വളം ഡിപ്പോ അവിടെ സ്ഥാപിച്ചിരിക്കുന്നതു് കൃഷിക്കാർക്കു് വളരെ അസൌകര്യങ്ങൾക്കു കാരണമാണെന്നു് ഗവർമ്മെണ്ടിനു് അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അവിടെ സ്ഥാപിച്ചിരിക്കുന്നതു് ഒരു സെൻട്രൽ ഡിപ്പോ ആണു്. അവിടെ നിന്നും നം ൦ ഏജൻസികൾ വഴി വിതരണം ചെയ്യുവരികയാണു്. അതുകൊണ്ടു് തിരുവല്ലായിൽ ഡിപ്പോ സ്ഥാപിച്ചിരിക്കുന്നതുകൊണ്ടു് കൃഷിക്കാർക്കു വലിയ അസൌകര്യം നേരിടുമെന്നു് വിചാരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. മാന്നാർ ഗോപാലൻനായർ : അവിടെ വാഹനങ്ങൾ ചെല്ലുന്നതിനു് എളുപ്പമില്ലെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ അറിവില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : എല്ലാ പകുതികളിലും ഡിപ്പോകൾ ഉണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : എല്ലാ പകുതികളിലും ഉണ്ടോ എന്നു നിശ്ചയമില്ല. നം ൦ ഏജൻസികൾ മുഖേന വിതരണം ചെയ്യുന്നുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ആ ഡിപ്പോ തിരുവല്ലായിൽനിന്നും മാറണമെന്നു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : നിവേദനം കിട്ടിയിട്ടുണ്ടോ എന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അതു ചെങ്ങന്നൂർ സ്ഥാപിക്കണമെന്ന നിവേദനം നടത്തിയിട്ടുണ്ടെന്നു പറഞ്ഞാൽ വിശ്വസിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : മെമ്പർ പറഞ്ഞാൽ അതു വിശ്വസിക്കാം.

ശ്രീ. മാന്നാർ ഗോപാലൻ നായർ : ഇങ്ങനെ മെംബറന്മാർ പറയുന്നതെല്ലാം വിശ്വസിക്കുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : വിശ്വസിക്കാം. മെംബറന്മാർ സാധാരണയായി കള്ളം പറയുകയില്ലെന്നാണു് വിശ്വാസം.

വളം ഡിപ്പോ കെട്ടിടം

*വ ൦ ൭. (ഫ ര) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവല്ലാതാലൂക്കിലെ വളം ഡിപ്പോയിക്കു് എടുത്തിട്ടുള്ള കെട്ടിടത്തിനു് എന്തു വാടകയാണു് ?

(ബി) വാടകകൊടുക്കാതെ വളംഡിപ്പോ സ്ഥാപിക്കുന്നതിനു് പമ്പാനദിയുടെ തീരത്തു ചെങ്ങന്നൂരിൽ ഗവണ്മെണ്ടു വക സൗകര്യപ്രദമായ കെട്ടിടം ഉണ്ടോ ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) പ്രതിമാസം ൨൦ രൂപ.

(ബി) തിരുവല്ലായിൽ അനുവദിച്ചിട്ടുള്ളതു് ഒരു സെൻട്രൽ ഡിപ്പോ ആണു്. അതു് ചെങ്ങന്നൂർ സ്ഥാപിക്കുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ചെങ്ങന്നൂർ, തിരുവല്ലാ താലൂക്കിന്റെ സെൻട്രൽ പ്ലേസ് ആണെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ആയിരിക്കാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവിടെ സൗകര്യമുള്ള കെട്ടിടങ്ങളും ഉണ്ടെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : കെട്ടിടങ്ങളും ഉണ്ടെന്നറിയാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവിടെ ഗവണ്മെൻറിൽ നിന്നും വാടക കൊടുക്കാതെ കെട്ടിടങ്ങളും ഗവണ്മെൻറാവശ്യത്തിനെടുക്കാമെന്നു് ഗവണ്മെൻറിനറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : വാടകകൊടുക്കുന്ന കായ്ത്തേക്കാളും ജനങ്ങൾക്കു് സൗകര്യപ്രദമായ സ്ഥലമാണു് ഗവണ്മെൻറു് എടുത്തിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ചെങ്ങന്നൂരിൽ വല്ല വളം ഡിപ്പോയും സ്ഥാപിക്കുന്നതിലേക്കു് അപേക്ഷകളും കിട്ടിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള. അതേപ്പറ്റി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly